ശുദ്ധമായ കുടിവെള്ളം കൊണ്ടുവരുന്നതിനുള്ള മാനദണ്ഡങ്ങൾ

68 (6773) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധമായ കുടിവെള്ളം കൊണ്ടുവരുന്നതിനായി ടാങ്കർ ലോറികൾക്കും കുടിവെള്ള സ്രോതസ്സുകൾക്കും ഭക്ഷ്യസുരക്ഷാ വകുപ്പ് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ആരെല്ലാമാണ് ഇതുവഴി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 11-1-2013 തീയതിയിലെ എ-1/13/CFS എന്ന ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ടാങ്കർലോറികളിലും മറ്റുവാഹനങ്ങളിലും ഉപയോഗയോഗ്യമല്ലാത്ത വെള്ളം കുടിവെള്ളമെന്നരീതിയിൽ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയതുമൂലം ഭക്ഷ്യവിഷബാധയും, ജലജന്യ രോഗങ്ങളും ഉണ്ടാകാനുള്ള സാധ്യത ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ടി മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ ഉത്തരവ് നടപ്പാക്കുന്നതിനുവേണ്ട സഹായം ലഭ്യമാക്കുന്നതിനായി പോലീസ്, മോട്ടോർവാഹന വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്കും ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനവ്യാപകമായി പ്രത്യേക സ്കാഡുകൾ രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചിട്ടുള്ള എറണാകുളത്തെ രണ്ട് സ്ഥാപനങ്ങളുടെ പ്രവർത്തനം ഉത്തരവുമൂലം അടപ്പിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly